## പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.475 30.06.2014 ന് മറുപടിയ്ക്ക്.

### പുത്തൂരിലെ സുവോളജിക്കൽ പാർക്കിന്റേയും വാഗമണ്ണിലെ ഓർക്കിഡ് ഉദ്യാനത്തിന്റേയും പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി
ശ്രീ.കെ.എം.ഷാജി
ശ്രീ.പി.ബി.അബ്ദുൾ റസാക്
ശ്രീ.എൻ.എ.നെല്ലിക്കുന്ന്.

(എ) വനസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏറ്റെടുത്ത പദ്ധതികളുടെ പ്രവർത്തന പുരോഗതി നിരീക്ഷിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്തെന്ന് വിശദമാക്കുമോ ;

**ഉത്തരം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി)

(എ) വനസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ പ്രവർത്തന പുരോഗതി നിരീക്ഷിക്കുന്നതിന് വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.

1. വനം സർക്കിൾ തലത്തിൽ വനസംരക്ഷണ പ്രവർത്തനങ്ങളുടെ പുരോഗതി എല്ലാ മാസവും അവലോകനം ചെയ്തുവരുന്നു.
2. വനം വകുപ്പാസ്ഥാനത്ത് സീനിയർ വനം ഉദ്യോഗസ്ഥർ പ്രവർത്തന പുരോഗതി സംബന്ധിച്ച അവലോകന യോഗങ്ങൾ ക്രമമായി നടത്തി വരുന്നു.
3. വനം വിജിലൻസ് വിഭാഗം വന സംരക്ഷണ പദ്ധതികളുടെ പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നത് ഉറപ്പു വരുത്തുന്നു.
4. വനസംരക്ഷണ പ്രവർത്തനങ്ങളുടെ വാർഷിക അവലോകനം വകുപ്പുസെക്രട്ടറിയുടേയും, വനം വകുപ്പു മേധാവിയുടേയും സാന്നിദ്ധ്യത്തിൽ നടത്തുകയും വനസംരക്ഷണ പദ്ധതികളുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

| | |
|---|---|
| (ബി) തൃശ്ശൂർ ജില്ലയിലെ പുത്തൂരിലെ സുവോളജിക്കൽ പാർക്കിന്റേയും വാഗമണ്ണിലെ ഓർക്കിഡ് ഉദ്യാനത്തിന്റേയും പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) തൃശ്ശൂർ ജില്ലയിലെ പുത്തൂരിൽ പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സുവോളജിക്കൽ പാർക്കിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ആയതിന് കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. ആയതിൻ പ്രകാരം ഉറസ്സായതും പ്രകൃതിദത്തവുമായ ആവാസ വ്യവസ്ഥകൾ, സന്ദർശകർക്ക് ആവശ്യമായ സൗകര്യങ്ങൾ, ഗവേഷണ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ഡിസൈൻ തയ്യാറാക്കുന്നതിന് ടെന്റർ മുഖേന തെരഞ്ഞെടുത്ത വിദഗ്ധരെ ഏൽപ്പിച്ചിട്ടുള്ളതും, ഡിസൈൻ ജോലികൾ പുരോഗമിച്ചു വരുന്നതുമാണ്.<br><br>വാഗമണ്ണിലെ ഓർക്കിഡ് ഉദ്യാനത്തിന്റെ പ്രവർത്തനങ്ങൾ നടത്തി വരുന്നത് കേരള വനം വികസന കോർപ്പറേഷനാണ്. ഈ ഉദ്യാനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ജലസംഭരണ വിതരണ ജോലികൾ, ഓർക്കിഡ് സസ്യങ്ങൾ വളർത്തുവാനുള്ള ജോലികൾ, സന്ദർശകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടേയും പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. |
| (സി) ഈ പദ്ധതികൾക്ക് ഇതേവരെ എന്തു തുക നീക്കിവച്ചിട്ടുണ്ടെന്നും ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ? | (സി) പുത്തൂരിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സുവോളജിക്കൽ പാർക്കിന് 2013-14 വർഷത്തിൽ 25 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചതിൽ 2.86 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2014-15 വർഷത്തിൽ 5 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ളതും, ആയതിന് ഇതുവരെ ചെലവ് വന്നിട്ടില്ലാത്തതുമാണ്.<br><br>വാഗമണ്ണിലെ ഓർക്കിഡേറിയത്തിനായി 2 കോടി രൂപ നീക്കി വച്ചതിൽ 1 കോടി രൂപ അനുവദിക്കുകയും 87.15 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ